# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :01/ 08/ 2018

## നഗര രാത്രികൾക്ക് സുരക്ഷയൊരുക്കി പൊലീസിന്റെ കാൽനട സംഘം

## രാത്രി 12 മുതൽ പുലർച്ചെ നാല് വരെ പൊലീസിന്റെ കാൽനട പട്രോളിംഗ് ആരംഭിച്ചു......



കൊല്ലം:നഗര രാത്രികൾക്ക് കൂടുതൽ സുരക്ഷയൊരുക്കി പൊലീസിന്റെ കാൽനട പട്രോളിംഗ്സംഘങ്ങൾ നിരത്തിലിറങ്ങി. എ.ആർ. ക്യാമ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെഉൾപ്പെടുത്തി മൂന്ന് പട്രോളിംഗ് സംഘങ്ങളാണ് നഗരത്തിലുള്ളത്. മൂന്ന്ഉദ്യോഗസ്ഥർ അടങ്ങുന്നതാണ് ഒരു സംഘം. ലത്തിയും വയർലസ് സെറ്റുമായി അർധരാത്രി 12ന് റോന്ത് ചുറ്റാനിറങ്ങുന്ന സംഘങ്ങൾ പുലർച്ചെ നാല് മണി വരെനിരത്തിലുണ്ടാകും.




ചിന്നക്കട, കെ.എസ്.ആർ.ടി.സി സ്റ്റാൻഡ്, വലിയകടമാർക്കറ്റ്, പായിക്കട റോഡ്, ആശ്രാമം ലിങ്ക് റോഡ്, ബീച്ച് റോഡ്, ജില്ലാആശുപത്രി പരിസരം, റെയിൽവേ സ്റ്റേഷൻ തുടങ്ങി നഗര ഹൃദയത്തിനുള്ളിലുണ്ടാകുംപൊലീസ് സംഘം. നഗരത്തിന്റെ ഓണത്തിരക്ക് മുന്നിൽ കണ്ട് രണ്ടാഴ്ച മുൻപാണ്പുതിയ പട്രോളിംഗ് രീതിക്ക് ജില്ലാ പൊലീസ് തുടക്കമിട്ടത്. തിരക്ക് കാരണംരാത്രി വൈകി അടയ്ക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്കും നഗരത്തിലെ മാളുകളിൽനിന്നും സിനിമാശാലകളിൽ നിന്നും അർധരാത്രിയോടെ മടങ്ങുന്ന കുടുംബങ്ങൾക്കുംസുരക്ഷയൊരുക്കേണ്ട പ്രത്യേക ലക്ഷ്യവും ഇവർക്കുണ്ട്. നാല് പൊലീസ്വാഹനങ്ങളുടെ പതിവ് പട്രോളിംഗിന് പുറമെയാണ് പുതിയ സംവിധാനം. വാഹനങ്ങൾകുറെകൂടി

ദൂരേക്ക് നഗരാതിർത്തികൾ വരെ പോകുമെങ്കിലും കാൽനട സംഘംനഗരഹൃദയത്തിൽ തന്നെയുണ്ടാകും. അടിയന്തര സാഹചര്യങ്ങളിൽ പട്രോളിംഗ് വാഹനങ്ങൾകാൽനട സംഘത്തിന്റെ വിളിപ്പുറത്തെത്തും.

## സാമൂഹിക വിരുദ്ധർ നഗരം വിട്ടെന്ന് പൊലീസ്

കാൽനടപട്രോളിംഗ് ആരംഭിച്ചതോടെ സാമൂഹിക വിരുദ്ധർ നഗരം വിട്ടെന്നാണ് പൊലീസിന്റെവിലയിരുത്തൽ. പട്രോളിംഗ് വാഹനങ്ങൾക്ക് കയറിച്ചെല്ലാൻ കഴിയാത്ത ചെറിയവഴികളിലും റെയിൽപാലങ്ങളുടെ അടിയിലും തമ്പടിച്ചിരുന്ന സംഘങ്ങൾ ഇപ്പോൾനഗരത്തിലേക്ക് വരാറേയില്ല. മോഷ്ടാക്കളുടെ ശല്ല്യത്തിലും കുറവുണ്ടായി.നഗരത്തിന്റെ ആളൊഴിഞ്ഞ ഭാഗങ്ങളിൽ മാലിന്യം തള്ളാനെത്തിയിരുന്നവരും കാൽനടപൊലീസിനെ ഭയന്ന് തുടങ്ങി. ഓണത്തിരക്കിനെ നേരിടാൻ പരീക്ഷണാടിസ്ഥാനത്തിൽതുടങ്ങിയ പദ്ധതി വിജയമാണെന്ന വിലയിരുത്തലിൽ സ്ഥിരം സംവിധാനമാക്കാനുള്ളതീരുമാനത്തിലാണ് സിറ്റി പൊലീസ്.

.....................................................

നഗരത്തിനുള്ളിൽസുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായാണ് പൊലീസ് ഉദ്യോഗസ്ഥർ കാൽനടയായിപട്രോളിംഗ് ആരംഭിച്ചത്. സ്ഥിരം സംവിധാനമായി മുന്നോട്ട് കൊണ്ടുപോകാനാണ്തീരുമാനം.

കടപ്പാട് : വാർത്ത ജനഹൃദയത്തിലെത്തിച്ച കേരള കൗമുദിയോട്